LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളിൽ RMSA (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) പദ്ധതി

113(3024) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്ത RMSA (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത എത്ര സ്കൂളുകളാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ; വ്യക്തമാക്കുമോ ; പ്രസ്തുത സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ ;

(ബി) സ്ഥിരം അദ്ധ്യാപകരെ നിയമിക്കാത്തതും RMSA പദ്ധതി പ്രകാരം 8, 9 ക്ലാസുകൾ തുടങ്ങാൻ ആവശ്യപ്പെട്ടതുമായ സ്കൂളുകളിൽ അടിയന്തരമായി അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 111 സ്കൂളുകളാണ് ആർ.എം.എസ്.എ. പദ്ധതി പ്രകാരം നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആർ.എം.എസ്.എ. നോംസ് പ്രകാരമുള്ള തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അതിനുപരിയായി വരുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. അദ്ധ്യയനം തടസ്സപ്പെടാതിരിക്കാൻ അദ്ധ്യാപക ബാങ്കിൽനിന്നും അദ്ധ്യാപകരെ പുനർവിന്യസിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

RMSA (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) പദ്ധതി

114(3025) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) RMSA (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) പദ്ധതിപ്രകാരം ആരംഭിച്ച സ്കൂളുകളുടെ നടത്തിപ്പിന് ഇപ്പോൾ അനുഭവപ്പെടുന്ന വിഷമതകൾ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ പരിഹരിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥിരം അദ്ധ്യാപക നിയമനം, ആർ.എം.എസ്.എ. നോംസിന് പുറമെയുള്ള അദ്ധ്യാപകരുടെ ശമ്പളം, സമാന്തര ഡിവിഷനുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ ശമ്പളം, കെട്ടിട നിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം എന്നിവ സംബന്ധിച്ചുള്ള വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 60 സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി പ്രാരംഭഘട്ടത്തിലാണ്. നിർമ്മാണം ദ്രുതഗതിയിലാക്കാൻ ആർ.എം.എസ്.എ. നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർ.എം.എസ്.എ. നോംസിന് പുറമെയുള്ള അദ്ധ്യാപകർക്ക് ശമ്പളം സംസ്ഥാന ഫണ്ടിൽനിന്നും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വയനാട് ജില്ലയിലെ പാർട്ട്ടൈം U.P.S.A. (ഹിന്ദി)യുടെ നിയമനം

115(3026) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ പാർട്ട്ടൈം U.P.S.A. (ഹിന്ദി)യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ നിയമനം ഏത് വരെയായി ; പ്രസ്തുത ലിസ്റ്റിൽ നിന്നും സൂപ്പർ ന്യൂമററി നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) വയനാട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട്ടൈം U.P.S.A. (ഹിന്ദി) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട് ; സൂപ്പർ ന്യൂമററി തസ്തിക കണക്കാക്കി ആയത് P.S.C.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) പ്രസ്തുത തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ ; എങ്കിൽ എത്ര പേരാണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 18 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. സൂപ്പർ ന്യൂമററി നിയമനം നടത്തിയിട്ടില്ല.

(ബി) ഒഴിവ് നിലവിലില്ല. സൂപ്പർ ന്യൂമററി തസ്തിക കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല

(സി) ദിവസവേതനാടിസ്ഥാനത്തിൽ ആരും ജോലി ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly